LIBRARY ARCHIVES Kerala Legislative Assembly

ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർമാരുടെ ഒഴിവുകൾ

156 [3046] ശ്രീ. തോമസ് ചാഴികാടൻ:
,, റോഷി അഗസ്റ്റിൻ:
,, കെ നാരായണക്കുറുപ്പ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ വകുപ്പിൽ എത്ര ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർമാരുടെ ഒഴിവുകൾ നിലവിലുണ്ട്;

(ബി) സഹകരണ ആക്ട് സെക്ഷൻ 156 അനുസരിച്ച് തസ്തികകൾ അനുവദിക്കുന്നതിൽ എന്തെങ്കിലും നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അത് നീക്കം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) സെക്ഷൻ 144 അനുസരിച്ച് തസ്തികകൾ അനുവദിക്കുന്നതിന് എന്തെങ്കിലും നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ അത് നീക്കം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 124.

(ബി) സഹകരണ ആക്ട് സെക്ഷൻ 156 അനുസരിച്ച് സഹകരണ വകുപ്പിൽ തസ്തികകളൊന്നും അനുവദിക്കുന്നില്ല. എന്നാൽ കെ. എസ്. ആർ. ഭാഗം 1-ലെ ചട്ടം 156 അനുസരിച്ച് സ്പെഷ്യൽ സെയിൽ ആഫീസർമാരുടെ പുതിയ തസ്തികകൾ അനുവദിക്കുന്നതിന് സർക്കാർ നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്.

(സി) നടപടി സ്വീകരിക്കുന്നതാണ്.

(ഡി) സഹകരണ ആക്ട് സെക്ഷൻ 144 അനുസരിച്ച് സഹകരണ വകുപ്പിൽ തസ്തികകൾ അനുവദിക്കാറില്ല. എന്നാൽ കെ. എസ്. ആർ. പാർട്ട് 1-ലെ ചട്ടം 144 അനുസരിച്ച് തസ്തികകൾ അനുവദിക്കാറുണ്ട്. ആയതിന് നിയന്ത്രണങ്ങളൊന്നും ഏർപ്പെടുത്തിയിട്ടില്ല.

(ഇ) ബാധകമല്ല.

സഹകരണ യൂണിയൻ തെരഞ്ഞെടുപ്പ് വിജ്ഞാപനം

157 [3047] ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2004 ജൂലൈയിൽ നടന്ന സർക്കിൾ സഹകരണ യൂണിയൻ തെരഞ്ഞെടുപ്പ് സംബന്ധിച്ച് വിജ്ഞാപനം കഴിഞ്ഞ ഏഴ് മാസമായി പുറപ്പെടുവിച്ചിട്ടില്ലായെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;